# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *100** 04.02.2019-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സർക്കാർ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല.<br>കേന്ദ്ര മെട്രോ നയത്തിനനുസൃതമായി തയ്യാറാക്കിയ ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ രൂപരേഖ താമസിയാതെ സംസ്ഥാന മന്ത്രിസഭയുടെ പരിഗണനയ്ക്ക് വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായ ശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതാണ്. |
| (ബി) 2017 ഡിസംബറിൽ ഡി.എം.ആർ.സി. കേരള സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ച പുതുക്കിയ പദ്ധതി രേഖ പരിശോധിക്കുന്നതിന് രൂപീകരിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) | ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (സി) ഡി.എം.ആർ.സി. തയ്യാറാക്കിയ പദ്ധതി രേഖ സെക്രട്ടറിതല സമിതി തള്ളിക്കളഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | ഡി..എം.ആർ.സി. തയ്യാറാക്കിയ പദ്ധതിരേഖ സെക്രട്ടറിതല സമിതി തള്ളിക്കളഞ്ഞിട്ടില്ല. |

| ചോദ്യം | ഉത്തരം |
| --- | --- |
| (ഡി) പുതുക്കിയ പദ്ധതിരേഖ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) & (ഇ) ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച സെക്രട്ടറിതല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടും, പുതുക്കിയ രൂപരേഖയും മന്ത്രിസഭയുടെ പരിഗണനയ്ക്ക് താമസിയാതെ വരുന്നതാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായ ശേഷം കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം മൂലം പദ്ധതി ചെലവ് ഭീമമായി വർദ്ധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനം എടുത്ത് പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ